പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4047 — 26-06-2013- ൽ മറുപടിയ്ക്ക്

## ചെക്ക് ഡാമുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ചെറുകിട ജലസേചന മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) 2011-12, 2012-13 വർഷങ്ങളിൽ ചെറുകിട ജലസേചന മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ചു കുടിവെള്ള വിതരണത്തിനും, കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകുവാനും, നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം, വിവിധ സ്ഥലങ്ങളിൽ സംഭരിക്കുവാനുമാണ് ഇത് കൊണ്ട് വിഭാവനം ചെയ്യുന്നത്. |
| (സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത് ; | (സി) 2011-12 ൽ 41 ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനായി 37.45 കോടി രൂപയും, 2012 - 13 ൽ 73 ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനായി 39.98 കോടി രൂപയും മുൻഗണനാപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) പ്രസ്തുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ.